**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1038** **14-10-2026-ൽ മറുപടിയ്ക്ക്**

**നാട്ടിക നിയോജക മണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഗീതാ ഗോപി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** നാട്ടിക നിയോജക മണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** നാട്ടിക നിയോജക മണ്ഡലത്തിൽ പലപ്പെട്ടി, കഴിമ്പ്രം, നാട്ടിക ബീച്ച്, നമ്പിക്കടവ് എന്നിങ്ങനെ നാലു ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉണ്ട്. ടി ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിലവിൽ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. നാട്ടിക നിയോജക മണ്ഡലത്തിൽ വലപ്പാട് കോതകുളം ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 27.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ സെന്റർ സ്ഥാപിക്കുന്നതിനുള്ള പഠനവും മറ്റ് പ്രാരംഭ നടപടികളും ആരംഭിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

**മറുപടി:** മുൻ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിൽ വലപ്പാട് കോതകുളം മിനി ഹാർബർ നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 27.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടോപോഗ്രാഫിക് സർവ്വേ, ബീച്ച് പ്രൊഫൈൽ ക്രോസ്സ് സെക്ഷൻ, വാട്ടർ സാംപിൾ കളക്ഷൻ, float ഒബ്സെർവഷൻ, വിൻഡ് ആൻഡ് വേവ് ഒബ്സെർവഷൻ എന്നീ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 04/01/2022-ൽ ഫിഷറീസ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ ഫിഷിംഗ് ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ചിരുന്നു.

പിന്നീട് തൃശ്ശൂർ ജില്ലയിൽ പുതിയ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 11/12/2024-ന് ബഹു. മത്സ്യബന്ധന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം, പ്രസ്തുത ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളുടെ പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. ആയത് പൂർത്തീകരിച്ച് പ്രസ്തുത പദ്ധതിയ്ക്കായുള്ള മാതൃക പഠനം നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**